VOL 2 ISSUE 2 | DECEMBER 2018 apcconvoice@gmail.com | www.apccon.com Private Circulation Only

FREE
Circulation strictly for Christian Churches only

APCCON VOICE

THE OFFICIAL NEWSLETTER OF ABU DHABI PENTECOSTAL CHURCHES CONGREGATION

# സുവിശേഷത്തിന്റെ ശക്തി

## അന്ന് പോൺ ചിത്രങ്ങളുടെ അറിയപ്പെടുന്ന നടി, ഇന്ന് സുവിശേഷ പ്രസംഗക


© Barcroft Images

**കാലിഫോർണിയ** • ഒരു കാലത്ത് സിനിമാലോകത്ത് ജെന്ന പ്രെസ്ളി എന്ന് അറിയപ്പെട്ടിരുന്ന പോൺ താരം (അശ്ളീല ചിത്രങ്ങളിലെ നായിക) ബ്രിട്ടിണി ഡി ലാ മോറ ഇപ്പോൾ യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്ന തിരക്കിലാണ്.

ആറു വർഷങ്ങൾക്കു മുമ്പ് ബ്രിട്ടിണി ലഹരിക്ക് അടിമയായിരുന്നു. പലപ്പോഴും വാടക കൊടുക്കാൻ പോലും പണം ഇല്ലാതെ വന്നപ്പോൾ ആത്മഹത്യയെക്കുറിച്ചുപോലും ചിന്തിച്ചിരുന്നു. പതിനാറാം വയസ്സിലായിരുന്നു ബ്രിട്ടിണി പോൺ ഇൻഡസ്ട്രിയിൽ എത്തുന്നത്. സുഹൃത്തിനൊപ്പം മെക്സിക്കോയിലേക്കുള്ള യാത്രയ്ക്കിടയിലാണ് ബ്രിട്ടിണിയുടെ ജീവിതം താളംതെറ്റിയത്.

ഒരു നൈറ്റ് ക്ലബ്ബിൽ എത്തിയശേഷം മദ്യപിച്ച് ലക്കുകെട്ടതോടെയാണ് ബ്രിട്ടിണിയുടെ പോൺ ജീവിതത്തിനു തുടക്കമായത്. തുടർന്നു താൻ അഡൽട്ട് ചിത്ര നിർമ്മാതാക്കളുടെ പക്കൽ എത്തപ്പെടുകയായിരുന്നു. ഇതോടെ ബ്രിട്ടിണി അറിയപ്പെട്ട താരമായി. രണ്ടു മാസത്തിനുശേഷം ഇവർ ഹെറോയിന് അടിമയായി. പോൺ അഭിനയ ജീവിതത്തിലൂടെ 30,000 യു.എസ് ഡോളർ ബ്രിട്ടിണി സമ്പാദിച്ചിരുന്നു. 370 ഓളം ചിത്രങ്ങളിൽ അഭിനയിക്കുകയുണ്ടായി.

6 വർഷങ്ങൾക്കു മുമ്പാണ് ബ്രിട്ടിണിയുടെ ജീവിതവഴിയുടെ ദിശ മാറുവാനിടയായത്. സ്വന്തദേശമായ ലോസ് ഏഞ്ചൽസിൽനിന്നും വലിയമ്മയ്ക്കൊപ്പം സാൻഡിയാഗോയിലേക്കു താമസം മാറ്റി. വലിയമ്മ ഒരു ചർച്ചിൽ ആരാധനയ്ക്കു പോകാറുണ്ടായിരുന്നു. ജീവിതത്തിൽ മാനസിക പ്രശ്നങ്ങൾ ഉണ്ടായപ്പോൾ വലിയമ്മയുടെ നിർബന്ധത്താൽ ചർച്ചിൽ ആരാധനയ്ക്കു പങ്കെടുക്കുവാനിടയായി. എന്നാൽ ചർച്ചിൽ പോയപ്പോഴും ഇടയ്ക്ക് ലാസ് വിഗാസിലെ പോൺ ഇൻഡസ്ട്രിയിലും അഭിനയത്തിനായി സമയം കണ്ടെത്തി പോകാനും ബ്രിട്ടിണി തയ്യാറായി. ഇങ്ങനെ ഒരു ദിവസം വിമാനത്തിൽ യാത്ര ചെയ്യുമ്പോൾ കൈയ്യിൽ കരുതിയിരുന്ന വിശുദ്ധ വേദപുസ്തകം തുറന്നു വായിക്കുവാനിടയായി.

വെളിപ്പാടു പുസ്തകം 2:20,21 വാക്യങ്ങളാണ് ബ്രിട്ടിണിയുടെ കണ്ണിൽപെട്ടത് ''എങ്കിലും താൻ പ്രവാചകി എന്നുപറഞ്ഞു ദുർന്നടപ്പു ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ ഉപദേശിക്കുകയും തെറ്റിച്ചുകളകയും ചെയ്യുന്ന ഇസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ചു പറവാൻ ഉണ്ട്. അവൾക്കു മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും ദുർന്നടപ്പു വിട്ടു മാനസാന്തരപ്പെടുവാൻ അവൾക്കു മനസ്സില്ല.''ഇതു വായിച്ചപ്പോൾ തനിക്കൊരു ഭാവമാറ്റം ഉണ്ടായി. തന്നെ ഈ വചനങ്ങൾ ഏറെ ചിന്തിപ്പിച്ചു. തുടർന്നു താൻ അഭിനയിച്ച രംഗങ്ങൾ അവിടംകൊണ്ടു നിർത്തുകയും ഇനി മേലിൽ പോൺ സിനിമയ്ക്കായി പോവുകയില്ലെന്നും തീരുമാനമെടുത്തു.

പിന്നീട് ഒരു വർഷക്കാലം തുടർച്ചയായി സാൻഡിയാഗോയിലെ കോർണർ ഡേറ്റാൺ ചർച്ചിൽ ആരാധനയ്ക്കായി കടന്നുപോയി. പാസ്റ്റർ റിച്ചാർഡ് ഡി ലാ മോറയാണ് ഇവിടത്തെ സഭാശുശ്രൂഷകൻ. ഇദ്ദേഹത്തിന്റെ പ്രസംഗം ബ്രിട്ടിണിയെ കൂടുതൽ അനുതാപവും മാനസാന്തരവുമുള്ളവളാക്കി. തുടർന്നു 2016-ൽ പാസ്റ്റർ റിച്ചാർഡും ബ്രിട്ടിണിയും തമ്മിൽ വിവാഹിതരായി.


*പാസ്റ്റർ റിച്ചാർഡും ബ്രിട്ടിണിയും*

ദൈവവചനം കൂടുതൽ പഠിച്ച ബ്രിട്ടിണി സഭയിലും യുഎസിന്റെ വിവിധ ഭാഗങ്ങളിലും സുവിശേഷം ശക്തിയായി പ്രസംഗിച്ചുവരുന്നു. പാസ്റ്റർ റിച്ചാർഡിനും ബ്രിട്ടിണിയ്ക്കും ഇപ്പോൾ 31 വയസ്സുണ്ട്. ബ്രിട്ടിണി പോൺ താരങ്ങളായ മറ്റു യുവാക്കൾക്കിടയിൽ ''ജീസസ് ലൗവ്സ് പോൺ സ്റ്റാർസ്'' എന്ന പേരിൽ ഒരു പ്രത്യേക മിനിസ്ട്രി ഉണ്ടാക്കി അവരോടു സുവിശേഷം പ്രസംഗിക്കുന്ന തിരക്കിലാണ്. നിരവധി സ്ഥലങ്ങളിൽ സുവിശേഷ യോഗങ്ങൾ ക്രമീകരിക്കുകയുണ്ടായി.

**058- 9239629**
**APCCON WHATSAPP NO.**

MAIL US:
apcconvoice@gmail.com

- **അപ്കോൺ വോയ്സ് Digital version (PDF) ആവശ്യമുള്ളവർ APCCON Whatsapp നമ്പറിൽ ബന്ധപ്പെടുക.**
- **നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളും APCCON Whatsapp Number -ൽ അയക്കാവുന്നതാണ്.**

APCCON VOICE

## EDITORIAL BOARD

**Advisory Board:**
Pr. Benny P. John
Pr. Jacob Samuel
Br. Sam Zachariah Eapen

**Cheif Editor:**
Br. Johncy Kadammanitta

**Editors:**
Pr. M.J. Dominic
Br. Renu Alex

**Circulation Manager:**
Br. Sabu

**Area Coordinators/ Reporters**
Br. M.J. Baiju
Br. Renju Moses
Br. Joyal
Br. Blesson G. Sam
Br. Vinod Editar
Br. Samkutty Yohannan
Br. Antony
Br. Shinu John
Br. Justin
Br. Ashish Philip
Br. Eldhose

## EDITORIAL



# നമ്മുടെ തീരുമാനങ്ങൾ ദൈവനാമമഹത്വത്തിന് ഉതകണം



**ജോൺസി കടമ്മനിട്ട**
**ചീഫ് എഡിറ്റർ**

അപ്കോൺ വോയ്സിന്റെ എല്ലാ മാന്യ വായനക്കാർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

പ്രതാപവും സമ്പത്തും ആശ്വാസ സ്രോതസ്സുകളായി കണ്ടവർ, എല്ലാം നേടി എന്ന് അഹങ്കരിച്ചവർ പൊടുന്നനവെ ഈ ലോകത്തിൽനിന്നും മാറ്റപ്പെട്ടപ്പോൾ അനേകർ ബലഹീനരും, രോഗികളും ആയി മാറിയപ്പോൾ ദൈവത്തിന്റെ കൃപയാൽ ഈ വർഷത്തിലെ എല്ലാ ദിനങ്ങളിലും ദുഃഖത്തിൽ ആശ്വാസമായി, വേദനയിൽ താങ്ങായ്, ആവശ്യങ്ങളിൽ തണലായി ക്രിസ്തുവിൽ നമ്മെ എല്ലായ്പ്പോഴും ജയോത്സവമായി നടത്തിയ ദൈവത്തിനു സ്തോത്രം.

പലരും വർഷാരംഭത്തിൽ തീരുമാനങ്ങൾ പലതും എടുക്കാറുണ്ട്. ഒരു പക്ഷേ നിങ്ങളും അപ്രകാരം തീരുമാനങ്ങൾ എടുത്തിട്ടുണ്ടാകാം. നാം എടുത്ത തീരുമാനങ്ങൾ മുഴുവൻ പൂർത്തീകരിച്ചില്ലെങ്കിലും അവയിൽ കുറച്ചെങ്കിലും പ്രവൃത്തിപഥത്തിലെത്തിക്കുവാൻ നമുക്ക് സാധിച്ചുവോ? പലപ്പോഴും പല തീരുമാനങ്ങൾ നാം എടുക്കുമെങ്കിലും പ്രായോഗികജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിയാതെ പോകുന്നു. ഒന്ന് തിരിഞ്ഞുനോക്കാം. ഈ വർഷം നമ്മെ പിരിഞ്ഞുപോകുവാൻ ഏതാനും ചില ദിവസങ്ങൾ മാത്രം ബാക്കി. നാം ദൈവനാമത്തിനു വേണ്ടി എന്തുചെയ്തു? ദൈവം നമ്മെ എത്രയോ സ്നേഹിക്കുന്നു. ഒരു വർഷത്തിന്റെ അവസാന മാസംവരെ എത്തിച്ചേരുവാൻ ദൈവം നമുക്ക് അവസരം തന്നു. പ്രിയരെ, നാം അവിശ്വസ്തരായിരുന്നപ്പോഴും ദൈവം നമുക്ക് എത്രയോ വിശ്വസ്തനായിരുന്നു? നാം എടുക്കുന്ന തീരുമാനങ്ങൾ ദൈവനാമം മഹത്വപ്പെടുവാൻ നിദാനമാകട്ടെ. ദൈവം നമുക്കു തരുന്ന പുതുവർഷം ദൈവത്തെ ഉയർത്തുവാനുള്ള വർഷമായി ഭവിക്കട്ടെ. ചിലരെയെങ്കിലും കർത്താവിനായി നേടുവാൻ ദൈവം ഓരോ വായനക്കാരെയും പ്രാപ്തരാകട്ടെ എന്ന പ്രാർത്ഥനയോടെ...

> **നാം എടുക്കുന്ന തീരുമാനങ്ങൾ ദൈവനാമം മഹത്വപ്പെടുവാൻ നിദാനമാകട്ടെ. ദൈവം നമുക്കു തരുന്ന പുതുവർഷം ദൈവത്തെ ഉയർത്തുവാനുള്ള വർഷമായി ഭവിക്കട്ടെ.**



# ആർ നമുക്കു വേണ്ടി പോകും?

**പാസ്റ്റർ എം.എം. തോമസ്**

എന്റെ ചെറുപ്പകാലത്ത് ഒരോ കൺവൻഷൻ വേദികളിലും മുഴങ്ങിക്കേൾക്കുന്ന ഒരു ശബ്ദമായിരുന്നു, ആർ നമുക്കുവേണ്ടി പോകും? യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വാതിൽക്കൽ ആയിരിക്കുന്നു... ഇന്നു നീ മരിച്ചാൽ നിന്റെ നിത്യത എവിടെ? യേശു മദ്ധ്യാകാശത്തിൽ വരുന്നു, നീ കാണുമോ? എന്നിങ്ങനെ അന്തരംഗത്തെ തൊട്ടുണർത്തുന്ന ചോദ്യങ്ങൾ.

ഉസിയാവ് യെഹൂദയിൽ രാജാവായി വാഴുന്ന കാലത്ത് ആത്മിക ആരാധന വ്യവസ്ഥ പ്രകാരമായിരുന്നില്ല. ദൈവജനം വിശുദ്ധി നഷ്ടപ്പെട്ടവരും ദൈവത്തിൽ നിന്നും അകന്ന് സ്വസ്ഥതയില്ലാത്തവരുമായിരുന്നു. യെശയ്യാവ് 1:6-ൽ എഴുതിയിരിക്കുന്നതു പോലെ അവരുടെ ഓരോ അവയവങ്ങളിൽ നിന്നും പാപത്തിന്റെ ദുർഗന്ധം വമിക്കുന്നുണ്ടായിരുന്നു. കൈകാലുകൾ ചെയ്യേണ്ടാത്തതു ചെയ്തും കണ്ണുകൾ പാപം കണ്ടു തൃപ്തിപ്പെടാതെയും ചെവികൾ ദോഷത്തിനായി കാതോർക്കുകയും ദൈവാലോചനക്കായി നിലനിൽക്കേണ്ടവർ ദുഷ്ടതയ്ക്കായി തങ്ങളെ സമർപ്പിക്കുകയും ചെയ്തു. അവരുടെ ജീവിതനിലവാരം എപ്രകാരമായിരുന്നു എന്ന് ആ വേദഭാഗങ്ങളിൽ നിന്നും പഠിക്കുവാൻ കഴിയും.

അന്നെന്ന പോലെ ഇന്നും ദൈവജനത്തിന്റെ മദ്ധ്യേ ഇതൊക്കെ കാണുവാൻ സാധിക്കും. ഇതിനെല്ലാം നടുവിൽ ഒരു ചെറിയ കൂട്ടം ദൈവശബ്ദം കേട്ട് പ്രമാണപ്രകാരം ദൈവത്തിനായി ജീവിക്കുവാൻ താല്പര്യപ്പെടുന്നത് യെശയ്യാ 1:3-ൽ കാണാം.

10-ാം വാക്യത്തിൽ, ദൈവം തന്റെ ജനത്തെ "എന്റെ ജനമേ" എന്നു വിളിക്കേണ്ടിടത്ത് "സോദോം അധിപതികളെ", "ഗോമോറാ ജനമേ" എന്നാണ് വിളിച്ചത്. നിങ്ങളുടെ യാഗങ്ങളും യാഗവസ്തുക്കളും കാഴ്ചവസ്തുക്കളും കൊണ്ടുവന്ന് ഉത്സവം ആചരിക്കുകയും പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നത് ദൈവത്തിനു മുഷിച്ചിലാണെന്നും ഇങ്ങനെ ചെയ്യുന്നത് ദൈവത്തിനു പ്രസാദം അല്ലായെന്നും പ്രസ്തുത വേദഭാഗത്തു നിന്നും പഠിക്കാൻ കഴിയും.

യെശയ്യാവ് 3-ാം അദ്ധ്യായത്തിൽ, സ്ഥാനമാനങ്ങളും മന്ത്രവാദങ്ങളും എല്ലാം പുറത്തുതന്നെ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം ആഗ്രഹിക്കാത്ത വഴികളിൽ കൂടി ഉന്നത സ്ഥാനവും മാനവും സമ്പത്തും ആർജ്ജിക്കുവാൻ ശ്രമിക്കുന്നവർ എല്ലാത്തിനും ന്യായവിധി ഉണ്ടെന്നുള്ള സത്യം മറക്കരുത്.

സഭാനേതൃത്വങ്ങളുടെ തെറ്റായ കാഴ്ചപ്പാടുകളും ആഴമായ ദൈവവചനപഠനത്തിന്റെ അഭാവവും ദുരുപദേശങ്ങളുടെയും നവപ്രവണതകളുടെയും കടന്നുകയറ്റവും ബാഹ്യമോടികളും സഭകളെ ബാധിച്ചിരിക്കുന്നു. (യെശയ്യാ.3:15-26).

നാമധേയ ആരാധന, നിഗളം, അഹംഭാവം, അഹങ്കാരം, സഭ്യമല്ലാത്ത വസ്ത്രധാരണ രീതി, സ്വയപ്രശംസ, ആഡംബരം, ആഭരണങ്ങൾ, കലാകായികാഭ്യാസങ്ങളിലെ അമിതാവേശം, പൊങ്ങച്ചം ഇവയൊക്കെ ദൈവസഭകളിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു.

ദൈവീക തോട്ടത്തിൽ നല്ല മുന്തിരിവള്ളിയായി ഉടയവൻ നട്ടു. ആരംഭം നല്ലതായിരുന്നു. പക്ഷേ, ഇന്ന് കാട്ടുമുന്തിരിങ്ങ കായ്ക്കുന്ന മുന്തിരിവള്ളിയായി മാറി. ആത്മാവിൽ തുടങ്ങി ജഡത്തിൽ അവസാനിക്കുന്നു. ഈ അപഥസഞ്ചാരം ദൈവം പൊറുക്കില്ല. ദൈവം വേലി പൊളിക്കും, മതിലിടിക്കും, അന്ധകാരശക്തിയ്ക്ക് ഏല്പിച്ചുകൊടുക്കും, സ്വർഗ്ഗം കൈവിടും (യെശയ്യാ. 5:1-7). ആത്മീയത നഷ്ടമായപ്പോൾ ഇന്ന് പലരുടെയും ചിന്ത വീട്,വയൽ, വസ്ത്രം, വാഹനം, ആഡംബരം എന്നിവയൊക്കെയായി മാറി. ഗേഹസിയെപ്പോലെ, ശ്രദ്ധ മുഴുവനും ഈലോക നന്മകളിൽ മാത്രമായിരിക്കുന്നു. ഒരു നല്ല തൈപോലെ നല്ല തോട്ടത്തിൽ നട്ടു എങ്കിലും നല്ല ഫലം കണ്ടെത്തുവാൻ കഴിയാതെ പോകുന്നു.

പ്രിയരെ, ഒരു പുതിയ വർഷം സമാഗതമാകുന്നു. ദൈവഹിതപ്രകാ

ശേഷം പേജ് 5-ൽ ▶▶




**ഇവാ. ജിബി ജോർജ്ജ്**

**ഈ വിധിന്യായത്തിലൂടെ സുപ്രീം കോടതി പറയാതെ പറഞ്ഞ ചില കാര്യങ്ങളുണ്ട്. സ്വവർഗ്ഗ ബന്ധങ്ങൾ ഭരണഘടനയുടെ അടിസ്ഥാനത്തിൽ കുറ്റമല്ലാതാക്കുക മാത്രമാണ് കോടതി ചെയ്തിട്ടുള്ളത്. സ്വവർഗ്ഗ ബന്ധങ്ങൾ മൂലമുള്ള പാപത്തിന്റെ പ്രശ്നത്തിന് കോടതി ഉത്തരവാദിയല്ല. പാപത്തിനുള്ള ശിക്ഷ മറ്റ് എവിടെയോ നൽകപ്പെടുമെന്നും കോടതി പറയുന്നു.**

ഇക്കഴിഞ്ഞ സെപ്തംബർ 6-ന് ഇന്ത്യയിലെ സുപ്രീം കോടതി ചരിത്രപരമായ ഒരു വിധി പറഞ്ഞു, “മാനവീകതയ്ക്കു വേണ്ടി സ്വവർഗ്ഗാനുരാഗികൾക്ക് പ്രതീക്ഷയുടെ മഴവില്ലു വേണം; ഇതു മാന്യതയിലേക്കും തുല്യതയിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള യാത്രയാണ്. പരമ്പരാഗത കാഴ്ചപ്പാടുകൾ ഉപേക്ഷിക്കാൻ സമയമായി.” അങ്ങനെ സ്വവർഗ്ഗ ലൈംഗികതയ്ക്കും സ്വവർഗ്ഗ വിവാഹത്തിനും തടസ്സം നിന്നിരുന്ന 377-ാം വകുപ്പിലെ വ്യവസ്ഥകൾ സുപ്രീം കോടതി റദ്ദാക്കി. സ്വവർഗ്ഗ ലൈംഗികതയും സ്വവർഗ്ഗ വിവാഹവും നിയമം മൂലം അംഗീകരിക്കപ്പെട്ട രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും ഇടംപിടിച്ചു.

പാപം, സദാചാര വിരുദ്ധത, പ്രകൃതി വിരുദ്ധത തുടങ്ങിയവയ്ക്കുള്ള ശിക്ഷയായാണ് 377-ാം വകുപ്പിനെ പലരും ന്യായീകരിച്ചത്. പാപത്തിന്റെ പ്രശ്നത്തെക്കുറിച്ച് ജസ്റ്റീസ് ആർ.എഫ്. നരിമാന്റെ വിധിന്യായത്തിൽ പരാമർശിക്കുന്നത് ഇങ്ങനെയാണ്: “ഭൂമിയിൽ ഭരണകൂടം രൂപീകരിച്ചിട്ടുള്ള കോടതികൾ വഴിയല്ല പാപത്തിനു ശിക്ഷ നൽകേണ്ടത്. മറ്റെവിടെയോ ആണ് പാപത്തിന്റെ ശിക്ഷ നൽകപ്പെടുന്നത്. കുറ്റത്തിനു മാത്രമാണ് ഭൂമിയിൽ ശിക്ഷയുള്ളത്. ഇതു രണ്ടും മാറിപ്പോകുന്നതാണ് 377-ാം വകുപ്പിന്റെ പിഴവ്.”

ഈ വിധിന്യായത്തിലൂടെ സുപ്രീം കോടതി പറയാതെ പറഞ്ഞ ചില കാര്യങ്ങളുണ്ട്. സ്വവർഗ്ഗ ബന്ധങ്ങൾ ഭരണഘടനയുടെ അടിസ്ഥാനത്തിൽ കുറ്റമല്ലാതാക്കുക മാത്രമാണ് കോടതി ചെയ്തിട്ടുള്ളത്. സ്വവർഗ്ഗ ബന്ധങ്ങൾ മൂലമുള്ള പാപത്തിന്റെ പ്രശ്നത്തിന് കോടതി ഉത്തരവാദിയല്ല. പാപത്തിനുള്ള ശിക്ഷ മറ്റ് എവിടെയോ നൽകപ്പെടുമെന്നും കോടതി പറയുന്നു.

കോടതി വിധിയുടെ അടിസ്ഥാനത്തിൽ തങ്ങൾക്കു സ്വാതന്ത്ര്യം ലഭിച്ചെന്നും, തങ്ങൾക്ക് ഇനി അന്തസ്സോടെ ജീവിക്കാമെന്നും മറ്റും സ്വവർഗ്ഗ പ്രേമികളും ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെടുന്നവരും അവകാശപ്പെടുമ്പോഴും അവർ പാപത്തിന്റെ പടുകുഴിയിലേക്കും പിശാചിന്റെ ബന്ധനത്തിലേക്കും വഴുതിവീണെന്ന സത്യം ദൈവവചനാടിസ്ഥാനത്തിൽ നാം മനസ്സിലാക്കണം. റോമാ ലേഖനം 1-ാം അദ്ധ്യായത്തിൽ നാം ഇങ്ങനെ വായിക്കുന്നു, “അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമാക്കി മാറ്റിക്കളഞ്ഞു; അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തം ശരീരങ്ങളെ തമ്മിൽതമ്മിൽ അവമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏൽപ്പിച്ചു. അതുകൊണ്ട് ദൈവം അവരെ അവമാനരാഗങ്ങളിൽ ഏൽപ്പിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. അവണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിനു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്യാൻ നികൃഷ്ടബുദ്ധിയിൽ ഏൽപ്പിച്ചു.” ഇങ്ങനെ നികൃഷ്ടബുദ്ധിയിൽ ഏൽപ്പിക്കപ്പെട്ടവരുടെ സ്വാതന്ത്ര്യപ്രകടനങ്ങളും സന്തോഷപ്രകടനങ്ങളുമായിരുന്നു സെപ്തംബർ ആദ്യവാരത്തിൽ ഇന്ത്യ കണ്ടത്.

ദൈവമില്ലെന്ന് വിശ്വസിക്കുന്നവരുടെ എണ്ണം പെരുകുകയും പകരം പൈശാചിക ആരാധനകൾ വർദ്ധിക്കുകയും ചെയ്യുന്ന പാശ്ചാത്യരാജ്യങ്ങളിലും നാല്ക്കാലികളെ ദൈവമായി കണ്ട് ആരാധിക്കുകയും നാല്ക്കാലികളുടെ പേരിൽ മനുഷ്യരെ കൊന്നൊടുക്കുകയും ചെയ്യുന്ന ഇന്ത്യയിലും സ്വവർഗ്ഗബന്ധങ്ങൾ നിയമാനുസൃതമാക്കപ്പെട്ടതിന്റെ കാരണം മേൽപ്പറഞ്ഞതാണ്. സ്വവർഗ്ഗപ്രേമികളുടെ പറുദീസയായിരുന്ന സോദോമിനെയും ഗോമേറയേയും ദൈവം തീയിറക്കി ന്യായംവിധിച്ചെങ്കിൽ ഇന്നു കാണുന്ന സ്വവർഗ്ഗാനുരാഗികൾക്കും ഒരു ന്യായവിധിയുണ്ട് നിശ്ചയം! അവർക്കുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ എന്നു ദൈവവചനം പറയുന്നു.

പ്രിയ സഹോദരങ്ങളെ, നമ്മുടെ മുമ്പിലുള്ള വെല്ലുവിളി മറ്റൊന്നാണ്. സ്വവർഗ്ഗാനുരാഗവും സ്വവർഗ്ഗബന്ധങ്ങളും നിയമാനുസൃതമാക്കിയതോടെ കൂടുതൽ കൗമാരക്കാരും ചെറുപ്പക്കാരും ഇതിലേക്ക് ആകർഷിക്കപ്പെടുമെന്നു തീർച്ച. ഇത്തരക്കാരുടെ കൂടെ വളരുന്ന നമ്മുടെ തലമുറയുടെ അവസ്ഥ എന്തായിത്തീരും? പുത്തൻ ആശയങ്ങളും മാറ്റങ്ങളും ആവേശത്തോടെ പുൽകാൻ ശ്രമിക്കുന്ന നമ്മുടെ തലമുറ ഇതിനോട് എങ്ങനെ പ്രതികരിക്കും? സ്വവർഗ്ഗബന്ധങ്ങൾ നിയമം മൂലം അംഗീകരിച്ചിരിക്കെ അതു പാപം ആണെന്നു നാം പറഞ്ഞാൽ നമ്മുടെ തലമുറ ചെവിക്കൊള്ളുമോ? ചുരുക്കത്തിൽ നമ്മുടെ തലമുറകൾക്കു വേണ്ടി നാം അധികമായി ഇടിവിൽ നിന്നു പ്രാർത്ഥിക്കുകയും അവരെ ഈ വിഷയത്തിൽ ദൈവവചനാടിസ്ഥാനത്തിൽ ബോധ്യം വരുത്തുകയും ചെയ്യേണ്ട സമയമാണിത്. തന്റെ ദാസനായ അബ്രാഹാമിനെ ഓർത്ത് ലോത്തിനെ സോദോമിൽ നിന്നു വിടുവിച്ചതുപോലെ തലമുറകൾക്കു വേണ്ടി പ്രാർത്ഥിക്കുകയും നിലവിളിക്കുകയും ചെയ്യുന്ന മാതാപിതാക്കളെ ഓർത്ത് ദൈവം അവരുടെ തലമുറകളെ വിടുവിക്കും എന്നു നമുക്കു പ്രത്യാശിക്കാം.




**CARMEL IPC**
**MUSSAFAH, ABU DHABI**
www.carmelipc.com carmelipcabudhabi +91 9446651188

അബുദാബിയിൽ ജോലിക്കും സന്ദർശനത്തിനും വരുന്നവർക്കായി അനുഗ്രഹീതമായ ആരാധനാ സൗകര്യം

**ആരാധന**
എല്ലാ വ്യാഴാഴ്ചയും 7:45 PM - 10:15 PM വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ G2 ഹാളിൽ

**ഉപവാസ പ്രാർത്ഥനയും ആരാധനയും**
എല്ലാ വെള്ളിയാഴ്ചയും 9:45 AM - 12:15 noon വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ G4 ഹാളിൽ

Every 4th Friday 9:45 am to 12:00 pm ENGLISH WORSHIP & PYPA

- ഈ ആരാധനകളിൽ അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുന്നു.
- പാസ്റ്റർ ജോജി ജോൺസൺ ആരാധനയ്ക്കു നേതൃത്വം കൊടുക്കുന്നു.
- പേഴ്സണൽ കെയറും ആത്മിക മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

യാത്രാ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ഈ അനുഗ്രഹീത മീറ്റിംഗുകളിലേക്ക് നിങ്ങളെ ഏവരേയും സ്വാഗതം ചെയ്യുന്നു

For more details please contact: Senior Pastor M.M. Thomas (Joy) +91 9446651188
Pr. Joji Johnson +971 503107651/ Evg. Jeswin M. Thomas +971 556995909



# സാത്താൻ നമ്മെ തോല്പിക്കരുത്



നിഷ റോയ്സ്

“ഞാൻ അവനെ തോല്പിച്ചുകളഞ്ഞു എന്ന് എന്റെ ശത്രു പറയരുതേ” (സങ്കീ.13:4).

ആത്മീയമണ്ഡലത്തിൽ അനുദിനം ആവർത്തിച്ചുപറയുന്ന ആത്മീയ പദങ്ങൾക്ക് ഒപ്പംതന്നെ പ്രാധാന്യം കൊടുക്കുന്ന ഒരു നാമവിശേഷണമാണ് ‘സാത്താൻ’, അഥവാ ‘ശത്രു’എന്നത്. ഇന്ന് സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു (1 യോഹ.5:19). പിശാച് എന്ന വാക്കിന് കുറ്റം ചുമത്തുന്നവൻ എന്നർത്ഥമുണ്ട്. എബ്രായ ഭാഷയിൽ സാത്താനും ‘അപവാദി’ എന്നർത്ഥം. പിശാചിനെ ‘പരീക്ഷകൻ’ എന്ന അപരനാമത്തിലും അറിയപ്പെടുന്നു (മത്താ.4:3).

ആത്മീയരെന്ന് അവകാശപ്പെടുന്ന നാം ദൈനംദിന ജീവിതത്തിൽ പലപ്പോഴും ഉച്ചരിക്കുന്ന മറ്റൊരു പദമാണ് ‘പോരാട്ടം.’ എന്നാൽ ഓരോ ക്രിസ്ത്യാനിയും പോർക്കളത്തിലാണെന്നും നമുക്ക് അന്ധകാരശക്തികൾക്കെതിരെ വ്യക്തിപരമായ പോരാട്ടം ഉണ്ടെന്നും വേദപുസ്തകം പഠിപ്പിക്കുന്നു (എഫെ.6:10-18). ദൈവവചനപ്രകാരം നമ്മുടെ എതിരാളിയായ ശത്രു പിശാച് ആണെന്നും ആ പിശാചിനോടാണ് നമുക്ക് യുദ്ധമുള്ളതെന്നും ക്രിസ്തീയ യോദ്ധാക്കളായ നാം തിരിച്ചറിയണം. എന്നാൽ ഈ തിരിച്ചറിവാണ് ക്രൈസ്തവസമൂഹത്തിൽ ഇന്നു നഷ്ടമായിക്കൊണ്ടിരിക്കുന്നത്. തൽഫലമായി പ്രധാന ശത്രുവിനെ മറന്ന് തമ്മിൽ തമ്മിൽ പോരടിക്കുവാൻ തുനിയുന്നു.

അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം പറയുന്നു: സാത്താന്റെ തന്ത്രങ്ങളെ നിങ്ങൾ അറിയാത്തവരല്ലല്ലോ” (1 കൊരി. 2:11). ചിലർ ജീവിതത്തിൽ എല്ലാ തലങ്ങളിലും പരാജയപ്പെടുമ്പോൾ അഥവാ നിരാശപ്പെടുമ്പോൾ, സ്വയം പഴിക്കുകയും സർവ്വോപരി സാത്താനെ സകലത്തിലും കുറ്റപ്പെടുത്തിയും പഴിചാരിയും ഉപവാസപ്രാർത്ഥനകൾ ക്രമീകരിച്ച് സാത്താനെ ഒഴിപ്പിക്കൽ, വിടുതൽ ശുശ്രൂഷ തുടങ്ങിയ ബാഹ്യപ്രകടനങ്ങൾ നടത്താറുണ്ട്. ഇവിടെയൊക്കെ നാം മറന്നുപോകുന്ന ഒരു യാഥാർത്ഥ്യം സാത്താന്യ തന്ത്രം എന്നതാണ്. അത് കേവലം മാനുഷിക സങ്കല്പമോ മിഥ്യയോ അല്ല. വേദപുസ്തക അടിസ്ഥാന പ്രകാരം പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ സാത്താന്യ പ്രവർത്തനങ്ങളെപ്പറ്റി പരാമർശിച്ചിരിക്കുന്നതു കാണാം. തുടക്കത്തിൽ മാനുഷികഹൃദയത്തിൽ തന്ത്രങ്ങൾ മെനയുന്ന സാത്താൻ ക്രമേണ അവന്റെ ബാഹ്യശരീരത്തിൽ പ്രവേശിച്ച് ദൈവത്തിൽ നിന്നും നിത്യതയിൽ നിന്നും അവനെ അകറ്റുന്നു. സാത്താൻ പ്രവേശിച്ച വ്യക്തികളെക്കുറിച്ച് തിരുവചനത്തിൽ പറയുന്ന ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക. 1.യൂദയിൽ (യോഹ.13:27), 2.കയീനിൽ (1 യോഹ.3:12), 3.ദാവീദിൽ (1 ദിന.21:1), 4.പത്രോസിൽ (മത്തായി 16:21-23).ഒരു ആത്മിക മനുഷ്യനു മാത്രമേ സാത്താനെയും അവന്റെ പ്രവർത്തന വൈവിധ്യങ്ങളെയും തിരിച്ചറിയുവാൻ സാധിക്കൂ.

ആത്മികരെന്നു നടിക്കുന്ന മിക്കവരിലും പിശാച് അനുദിനം തന്റെ തന്ത്രങ്ങളെ നെയ്തുകൊണ്ടിരിക്കുന്നു. ദൈവമക്കളായ നാം പലപ്പോഴും നിസ്സാരമായി തള്ളിക്കളയുന്ന മേഖലകളാണ് പിശാച് നമ്മെ ആക്രമിക്കുന്നതിനുള്ള ആയുധങ്ങളാക്കി മാറ്റുന്നത്. നാം ഒരിക്കലും അവന്റെ കൈകൾക്ക് ഇണങ്ങുന്ന ആയുധമായി മാറരുത്. അധികം സൂക്ഷ്മതയോടെ പിശാചിന് ഇടം കൊടുക്കാതെ അവനോട് എതിർത്തു നിൽക്കുമെങ്കിൽ ജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ നമുക്കു കഴിയും.

### സാത്താന്റെ തന്ത്രങ്ങൾ

- പരീക്ഷിക്കുന്നു (മത്താ.4:1-10).
- വചനം എടുത്തുകളയുന്നു (മത്താ.13:19).
- തടസ്സങ്ങൾ ഉണ്ടാക്കുന്നു (ദാനി. 10:13).
- രോഗബാധ ഉണ്ടാക്കുന്നു (ലൂക്കൊ.13:16; അപ്പൊ.പ്ര.10:38).

ആകയാൽ നമുക്ക് ഒരു സ്വയപരിശോധനയ്ക്കു തയ്യാറാകാം. മുകളിൽ പറഞ്ഞ ഏതെങ്കിലും മേഖലകളിൽ അവൻ നമുക്കെതിരെ ആയുധമാക്കി തൊടുത്തുവിട്ടിട്ടുണ്ടോ? നമുക്ക് വിവേചിച്ചറിയാം.

സാത്താന്റെ തന്ത്രങ്ങളോടുള്ള ദൈവമക്കളുടെ പ്രതികരണം എന്തായിരിക്കണം?

- സാത്താന്റെ തന്ത്രങ്ങളെ അറിയണം (2 കൊരി.2:11)
- എതിർക്കണം (1 പത്രൊ.5:9).
- ഇടം കൊടുക്കരുത് (എഫെ.4:27).
- ആത്മാവിൽ ആരാധിക്കണം (അപ്പൊ.പ്രവൃ. 16:25; യോശുവ 6:5).
- ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കണം (എഫെ.6:10-18).

ആദിമനുഷ്യനായ ആദാമിലൂടെ മനുഷ്യവർഗ്ഗത്തെ മുഴുവൻ പാപത്തിലാഴ്ത്തുവാൻ പിശാചിനു കഴിഞ്ഞു എന്നത് അവന്റെ താല്ക്കാലിക നേട്ടമെങ്കിലും ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിലൂടെ പിശാചിനെയും അവന്റെ പ്രവൃത്തികളെയും അഴിക്കുകയും ചെയ്തു. അവനെ അവസാനമായി നിത്യാഗ്നിയിലേക്കു തള്ളുമെന്നത് ക്രിസ്തുവിന്റെയും സഭയുടെയും അന്തിമവിജയമാണ്. (1 യോഹ.3:7-9; മത്താ. 25:41; വെളി. 20:10).

എന്നാൽ സാത്താനോടുള്ള നമ്മുടെ പോരാട്ടം ഇവിടെ അവസാനിക്കുന്നില്ല. ലോകം, പാപം, പിശാച് ഇവയോടാണ് നമുക്കു പോരാട്ടമുള്ളത്. ക്രിസ്തുവിനാൽ നാം നിറയപ്പെടുക. ദൈവത്തോട് അടുത്തു ചെല്ലുക. എങ്കിൽ പിശാച് നമ്മെ വിട്ട് ഓടിപ്പോകും.


BETHEL CHURCH OF GOD

അബുദാബിയിലും മുസഫായിലും നിങ്ങൾക്കായി ആരാധനാ സൗകര്യം ഒരുക്കുന്നു...

**അബുദാബിയിൽ:**

എല്ലാ വെള്ളിയാഴ്ചകളിലും
രാവിലെ 7.30 മുതൽ 10.00 വരെ
Mar Thoma Church Lower Chapel

എല്ലാ ശനിയാഴ്ചകളിലും
രാത്രി 8.00 മുതൽ 10.00 വരെ
St. Andrews Church Chapel

എല്ലാ ചൊവ്വാഴ്ചകളിലും
രാത്രി 8.00 മുതൽ 10.00 വരെ
St. Andrews Church Hall # 101

Bethel Youth Movement (BYM)
യൂത്ത് മീറ്റിംഗ്
3-ാം വെള്ളിയാഴ്ചകളിൽ
രാവിലെ 7.30 മുതൽ 9.00 വരെ

**മുസഫായിൽ:**

എല്ലാ വെള്ളിയാഴ്ചകളിലും
വൈകിട്ട് 5.30 മുതൽ 7.30 വരെ
Brethren Church Hall # G4

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

Pr. Benny P. John - 050 7900633
Pr. George Rajan - 050 5467364
Evg. Aju T. Thomas - 055 2002551
Email: bethelabudhabi@gmail.com

അബുദാബിയിൽ നിന്നും മുസഫായിൽ നിന്നും വാഹന സൗകര്യം നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

**നമുക്ക് ആചാരങ്ങൾ ഒന്നും ഇല്ലായെന്ന് വാദിക്കുമ്പോഴും ചില കീഴ്‌വഴക്കങ്ങൾ നമ്മുടെ പിതാക്കന്മാർ കാത്തു സൂക്ഷിച്ചില്ലേ. ഇന്ന് അവയൊക്കെ എവിടെ? ഇവയിൽ ആഭരണ ധാരണവും ആരാധനയുടെ വേറിട്ട രീതികളും കർത്തൃമേശയിലെ നിലപാടുകളും ഒക്കെ ഉൾപ്പെടുമായിരുന്നു.**

# സംരക്ഷിക്കപ്പെടേണ്ട ആചാരങ്ങൾ



പാസ്റ്റർ സി.സി. ജോണി

ആചാര സംരക്ഷണം എന്ന മുദ്രാവാക്യം ഉയർത്തി കേരളത്തിന്റെ തെരുവുകളെ സമര മുഖങ്ങളാക്കിയ നൂറു കണക്കിന് ഹൈന്ദവഭക്തരുടെ വികാരപ്രകടനങ്ങളാണ് വർത്തമാനകാലത്തിലെ ഏറ്റവും ശ്രദ്ധേയമായ വാർത്ത. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ പരമോന്നത പീഠത്തിൽ നിന്നും ഉയർന്ന ഒരു വിധി എന്ന നിലയിൽ ഇതിന്റെ സ്വഭാവം വളരെ ഗൗരവമുള്ളതാണ്. ലിംഗസമത്വ നീതിക്കുവേണ്ടിയുള്ള സ്ത്രീ സമൂഹത്തിന്റെ പോരാട്ട വിജയം കൂടിയാണ് ഈ വിധി. സ്ത്രീയെ വെറും ഉപഭോഗവസ്തുവായി കണ്ട് അവരുടെ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്ന പുരുഷമേധാവിത്വത്തിന്റെ ആചാര്യ മുഖത്തേറ്റ കനത്തപ്രഹരമാണിത്. പുരോഗമന സമൂഹവും സാംസ്ക്കാരിക ലോകവും ഇതിനെ രണ്ട് കൈകളും നീട്ടി സ്വീകരിക്കുമ്പോൾ സ്വത്വബോധാധിഷ്ഠിതമായ ഒരു വിഭാഗം മതവികാരത്തിന്റെ മറപിടിച്ച് ഇതിനെതിരെ മുഖം തിരിച്ചു നിൽക്കുന്നു.

ഒരു ഭാഗത്ത് പുരോഗമനവാദികളായ ന്യൂനപക്ഷവും മറുഭാഗത്ത് യാഥാസ്ഥിതികരായ ബഹുഭൂരിപക്ഷവും തമ്മിലുള്ള ആശയസംഘട്ടനമാണ് ഒരു തെരുവ് യുദ്ധമായി പരിണമിച്ചിരിക്കുന്നത്. വോട്ടുബാങ്കുകൾ ലക്ഷ്യമിടുന്ന കപട രാഷ്ട്രീയകക്ഷികൾ കൂടി ഇതിന്റെ പങ്കാളിത്ത ശക്തിയാവുമ്പോൾ ലക്ഷ്യം രണ്ടായി ഉദ്ദേശശുദ്ധി കളങ്കിതമാവുന്നു. ഒരു കാര്യം സത്യമാണ്, മനുഷ്യസംസ്ക്കാരത്തിന്റെ പുരോഗതിയെ ഇരുട്ടറയിലേക്ക് നയിക്കുന്ന ആചാരങ്ങൾ എന്നും തകർക്കപ്പെടേണ്ടതു തന്നെയാണ്.

ഭാരതമണ്ണിലെ ദുരാചാരങ്ങളുടെ വേരുകളെ പിഴുതെറിയുന്നതിൽ ക്രൈസ്തവ മിഷണറിമാർ വഹിച്ച പങ്ക് ചെറുതല്ല. അടിമകൾക്കും അടിച്ചമർത്തപ്പെട്ടവർക്കും വേണ്ടി ആശയസംഘട്ടനത്തിന്റെ തേര് തെളിച്ച് സാമൂഹിക പ്രതിബദ്ധിതമായ നിലപാടുകൾ സ്വീകരിച്ചു. അക്ഷരങ്ങളുടെ ലോകം അന്യമായിരുന്നവനെ അറിവിന്റെ വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ അധികാരികളോടും കപട സദാചാരവാദികളോടും കടുത്ത മതവാദികളോടും ഇവർ പടവെട്ടി. അത് കേവലം കുറച്ച് മനുഷ്യരുടെ മാത്രം മാറ്റമായിരുന്നില്ല. ക്രൈസ്തവ പ്രത്യയശാസ്ത്രത്തിന്റെ വ്യാപനവും വളർച്ചയും കൂടിയായിരുന്നു. ഭാരതത്തിന്റെ ആദ്ധ്യാത്മിക ചരിത്രത്തിൽ നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് ക്രിസ്ത്യാനിത്വത്തിന്. എന്നാൽ പെന്തെക്കോസ്തിന് ഒരു നൂറ്റാണ്ടിന്റെ ചരിത്രം മാത്രമാണ് അവകാശപ്പെടുവാനുള്ളത്.

ഉപദേശസത്യങ്ങളെ മുറുകെപ്പിടിച്ച് കനത്ത വെല്ലുവിളികളെ അതിജീവിച്ചാണ് അത് വളർന്നതും വ്യാപിച്ചതും. കാൽവറിയിൽ നിന്നും കൊളുത്തിയ ദീപം തലമുറകൾക്കായി കൈമാറും എന്ന് ഉറക്കെ വിളിച്ചു പറഞ്ഞ പഴമക്കാർ ദൗത്യം തികച്ച് നിത്യതയിലെത്തി. ഇന്ന് നാലാം തലമുറ അത് ഏറ്റുവാങ്ങുമ്പോൾ എവിടെക്കെയോ ചില അപചയങ്ങൾ സംഭവിച്ചിട്ടില്ലേ. നമുക്ക് ആചാരങ്ങൾ ഒന്നും ഇല്ലായെന്ന് വാദിക്കുമ്പോഴും ചില കീഴ്‌വഴക്കങ്ങൾ നമ്മുടെ പിതാക്കന്മാർ കാത്തു സൂക്ഷിച്ചില്ലേ. ഇന്ന് അവയൊക്കെ എവിടെ? ഇവയിൽ ആഭരണ ധാരണവും ആരാധനയുടെ വേറിട്ട രീതികളും കർത്തൃമേശയിലെ നിലപാടുകളും ഒക്കെ ഉൾപ്പെടുമായിരുന്നു. കേരളത്തിൽ ഏറെക്കുറെയൊക്കെ പാലിക്കപ്പെടുന്നുവെങ്കിലും വിദേശ സഭകളിലെ സ്ഥിതി അതല്ല. ഇന്ന് പലയിടത്തും അയോഗ്യർ ശുശ്രൂഷകൾക്കു നേതൃത്വം കൊടുക്കുന്നു. നമ്മുടെയിടയിൽ അഭിഷേകത്തിന്റെ പ്രയോഗമായി നാം അംഗീകരിച്ചിട്ടുള്ള കൈവെപ്പ് ലഭിക്കാത്ത എത്രയോ പേർ സ്വന്തം പണത്തിന്റെ ബലത്തിൽ ശുശ്രൂഷകരായി.

കാണിക്ക സഞ്ചിയുടെ കനം ചോരാതിരിക്കുവാൻ ചില കർത്തൃവേലക്കാർ ഇതിന് കൂട്ടുനിൽക്കുക കൂടി ചെയ്യുമ്പോൾ ചിത്രം പൂർണ്ണം. മടങ്ങി വരാം ആ പഴമയിലേക്ക് ... ആരംഭത്തിലെ ആത്മിക ആവേശത്തിലേക്ക്.... ഉപദേശത്തിന്റെ ഉരുക്കുലയിലേക്ക്... ദൈവീകപദ്ധതിയിലേക്ക് ....ആസ്യയിലെ ഏഴ് സഭകൾക്കുള്ള ഇടിമുഴക്കത്തിന് സമാനമായ ദൈവീകപദ്ധതിയുടെ തിരുത്തൽ ശബ്ദം ഒരു ന്യായവിധിയുടെ പെരുമ്പറയായി മുഴങ്ങുന്നതിന് മുൻപേ തിരിച്ചു നടക്കാം പെന്തെക്കോസ്ത് പാരമ്പര്യത്തിന്റെ സൂക്ഷിപ്പുകാരായി നമുക്ക് പുനർജനിക്കാം.

## ആർ നമുക്കു വേണ്ടി പോകും...?

പേജ് 2–ൽ നിന്നും തുടർച്ച

രമുള്ള ഒരു ആത്മീയ ആരാധനയും മായമില്ലാത്ത ഒരു ഫലവും നമ്മിൽ നിന്നും പുറത്തുവരട്ടെ. ഒരു നല്ല ആത്മീയ തലമുറയെ വാർത്തെടുക്കുവാൻ എല്ലാ സഭകൾക്കും സാധിക്കട്ടെ. നേതൃത്വങ്ങൾ ഉണരട്ടെ. ദൈവീക പ്രമാണങ്ങളിൽ നിന്നു വ്യതിചലിക്കാതെ തലമുറകളെ അവ അഭ്യസിപ്പിച്ചുകൊണ്ട് നമുക്കു മുന്നേറാം. ആർ നമുക്കു വേണ്ടി പോകും എന്ന ചോദ്യം ശിരസ്സാവഹിച്ച് കർത്തൃശുശ്രൂഷയിൽ മുന്നേറുവാൻ, തിരുനാമ മഹത്വത്തിനായി പ്രവർത്തിക്കുവാൻ നമ്മുടെ തലമുറകൾക്കു സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

വായനക്കാർക്ക് പുതുവത്സര ആശംസകൾ നേരുന്നു.


THE INDIA PENTECOSTAL CHURCH OF GOD KUMBANAD, KERALA

ഐ.പി.സി. സീയോൻ സഭ
അബുദാബി, മുസഫ

അബുദബിയിലോ മുസഫയിലോ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവർക്ക്, ആത്മീയ ആരാധനയിലേക്ക് സ്വാഗതം.
വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

OUR REGULAR SERVICE
Sunday WORSHIP
8 pm to 10 pm BCC G-3
Thursday Meeting
8 pm to 10 pm,
Friday FASTING PRAYER
12 pm to 2.30 pm BCC G-3

For more information:
Pr. P.M. Samuel (Sam Koodal) 050 5419678/ 056 2244464
Br. Moncy Varghese (Sec.) 050 8358063/ Br. Jenson Mathew (Trea) 050 8087880



## അപ്കോൺ താലന്ത് പരിശോധന സമാപിച്ചു

**അബുദാബി •** അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (APCCON) ഒരുക്കിയ താലന്ത് ടെസ്റ്റ് ഡിസംബർ 1 നു രാവിലെ 9 മുതൽ വൈകിട്ട് 5 മണി വരെ അബുദാബി ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിൽ നടന്നു. പാസ്റ്റർ ബെന്നി പി. ജോൺ (അപ്കോൺ പ്രസിഡന്റ്) പ്രാർത്ഥിച്ചാരംഭിച്ചു. അപ്കോൺ അംഗത്വസഭകളിലെ പ്രതിഭകൾ മാറ്റുരച്ച ടാലന്റ് ടെസ്റ്റിൽ എ.ഡി.പി.സി ഓവറോൾ ചാമ്പ്യന്മാരായും, ഐ.പി.സി. ഫിലാഡൽഫിയ ഫസ്റ്റ് റണ്ണറപ്പായും, പി.എം.ജി ചർച്ച് സെക്കന്റ് റണ്ണറപ്പായും തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ സുനിൽ ദാസ്, പാസ്റ്റർ അജി പുത്തൂർ, സിസ്റ്റർ റാണി സിജു, പാസ്റ്റർ രാജൻ ചെറിയനാട് എന്നിവർ വിധികർത്താക്കളായിരുന്നു. അപ്കോൺ സെക്രട്ടറി സാം സക്കറിയ ഈപ്പൻ കൃതജ്ഞത രേഖപ്പെടുത്തി. അപ്കോൺ എക്സിക്യൂട്ടീവ് കമ്മിറ്റി നേതൃത്വം നൽകി.

## ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് യു.എ.ഇ. റീജിയൻ സംയുക്താരാധന




**റാസൽഖൈമ •** ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് യു.എ.ഇ. റീജിയനിലുള്ള സഭകളുടെ സംയുക്ത ആരാധന നവംബർ 23 വെള്ളിയാഴ്ച രാവിലെ 9.00 മണി മുതൽ 1.30 വരെ റാസൽ ഖൈമയിലുള്ള ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ ആതിഥേയത്വത്തിൽ റാസൽഖൈമ ജസീറ ചർച്ച് കോമ്പൗണ്ടിലെ സെന്റ് ആന്റണി ഓഫ് പാദുവ കത്തോലിക്ക ചർച്ച് ബേസ്മെന്റ് ഹാളിൽ അനുഗ്രഹമായി നടന്നു. സ്ഥലം സഭാശുശ്രൂഷകനും യു.എ.ഇ. റീജിയൻ സെക്രട്ടറിയുമായ പാസ്റ്റർ ഗിൽബർട്ട് ജോർജ്ജ് പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിന് റീജിയൻ കോ-ഓർഡിനേറ്റർ പാസ്റ്റർ ജേക്കബ് ജോർജ്ജ് മുണ്ടയ്ക്കൽ നേതൃത്വം നൽകി. അസ്സോ:കോ-ഓർഡിനേറ്റർ പാസ്റ്റർ ജോൺസൺ ബേബിയും റീജിയൻ സി.ഇ.എം. പ്രസിഡന്റ് പാസ്റ്റർ ബാബു വി. ജോണും വിവിധ എമിറേറ്റുകളിലുള്ള ശാരോൻ സഭാശുശ്രൂഷകരും പ്രസ്തുത യോഗത്തിൽ തിരുവത്താഴ ശുശ്രൂഷകൾക്ക് പാസ്റ്റർ ജേക്കബ് ജോർജ്ജിനൊപ്പം സഹകാർമ്മികത്വം വഹിച്ചു. ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ വൈസ് പ്രസിഡന്റ് റവ. ഫിന്നി ജേക്കബ് മുഖ്യാഥിതി ആയി വചനപ്രഭാഷണം നടത്തി.

## ബൈബിൾ ക്ലാസ് സമാപിച്ചു

**അബുദാബി •** ബെഥേൽ ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 4,5 ദിവസങ്ങളിൽ അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ചിൽ വെച്ച് ബൈബിൾ ക്ലാസ് നടന്നു. "വിശ്വാസിയും കുടുംബജീവിതവും" എന്ന വിഷയത്തെ ആസ്പദമാക്കി ഐ.പി.സി. മഹാരാഷ്ട്ര സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി. ജോയി ക്ലാസുകൾ എടുത്തു. പാസ്റ്റർമാരായ ബെന്നി പി. ജോൺ, ജോർജ്ജ് രാജൻ, അജു ടി. തോമസ്, സഭാസെക്രട്ടറി ബ്രദ. മനോജ് എന്നിവർ നേതൃത്വം നൽകി.

## ക്രൈസ്തവ സാഹിത്യരംഗത്തെ സൗമ്യ സാന്നിധ്യം; എൽ. സാം സാർ നിത്യതയിൽ



**തിരുവനന്തപുരം •** പ്രശസ്ത ക്രൈസ്തവ എഴുത്തുകാരനും സുവിശേഷകനുമായ എൽ.സാം സാർ (82) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഡിസം. 7-ന് വെള്ളിയാഴ്ച മലമുകൾ എ.ജി. സെമിത്തേരിയിൽ നടന്നു. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ട് പാസ്റ്റർ പി.എസ്. ഫിലിപ്പ് മുഖ്യശുശ്രൂഷ നിർവഹിച്ചു.കേരള പബ്ലിക് സർവീസ് കമ്മിഷനിൽ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. ഏ.ജി സഭയിലെ മുൻനിര പ്രവർത്തകനായിരുന്ന എൽ.സാം ഏ.ജി ദൂതൻ മാസികയുടെ ദീർഘകാല പത്രാധിപനും സഭയുടെ വിവിധ തലങ്ങളിൽ പദവികൾ വഹിച്ചിട്ടുമുണ്ട്. ഗുഡ്ന്യൂസ് വാരികയുടെ കോർഡിനേറ്റിംഗ് എഡിറ്ററായിരുന്നു. ക്രൈസ്തവ സാഹിത്യ രംഗത്ത് സൗമ്യസാന്നിധ്യമായിരുന്നു പരേതൻ. ഭാര്യ: മേരി, മക്കൾ: ഡൈയ്റ്റ്, ബ്രൈറ്റ്, ഡിലൈറ്റ്.

## തിന്മയുടെ മേലുള്ള ആത്യന്തിക വിജയം ദൈവസഭയ്ക്ക് : പാസ്റ്റർ മോനിസ് ജോർജ്ജ്




**ഷാർജ •** ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭ യു.എ.ഇ റീജിയന്റെ വാർഷിക കൺവൻഷൻ നവംബർ 26 – 28 വരെ ഷാർജ യൂണിയൻ ചർച്ച് മെയിൻ ഹാളിൽ നടന്നു. പാസ്റ്റർ മോനിസ് ജോർജ് (യു.എസ്.എ) മുഖ്യപ്രസംഗകനായിരുന്നു. സമാപന ദിവസം ദൈവജനത്തിന്റെ പ്രത്യാശയെ ഉണർത്തിക്കൊണ്ട് "കുഞ്ഞാടിന്റെ കാന്തയായ യഥാർത്ഥ മണവാട്ടി" ആരെന്ന് വെളിപ്പാട് പുസ്തകം 19 :1 മുതൽ 8 വരെയുള്ള വാക്യങ്ങളെ ആസ്പദമാക്കി ശക്തമായ സന്ദേശം നൽകി. സമാപനയോഗത്തിൽ റീജിയന്റെ പ്രഥമ സെക്രട്ടറിയായിരുന്ന പാസ്റ്റർ ഡാനിയേൽ ശാമുവേൽ ( വീയപുരം ജോർജ്ജ്കുട്ടി ) പ്രാരംഭ പ്രസംഗം നടത്തി.

ഐ.പി.സി. യു.എ.ഇ. റീജിയൻ വൈസ് പ്രസിഡന്റ് പാസ്റ്റർ രാജൻ ഏബ്രഹാം ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ഷൈനോജ് നൈനാൻ, ഷിബു വർഗീസ്, അജു ജേക്കബ് എന്നിവർ വിവിധ ദിവസങ്ങളിൽ അധ്യക്ഷത വഹിച്ചു. ഐ.പി.സി. ഷാർജ ക്വയർ ഗാനശുശ്രുഷകൾക്ക് നേതൃത്വം നൽകി. യു.എ.ഇ.യുടെ എല്ലാ എമിരേറ്റുകളിൽ നിന്നും നിരവധി ദൈവദാസന്മാരും ദൈവമക്കളും വിവിധ ദിവസങ്ങളിൽ പങ്കെടുത്തു.

പാസ്റ്റർമാരായ ഗെർസിം പി. ജോൺ, രാജൻ എബ്രഹാം, അലക്സ് എബ്രഹാം, ഷൈനോജ് നൈനാൻ, ഇവാ. സാൽമൺ പി. തോമസ്, വർഗീസ് ജേക്കബ്, റെനു അലക്സ് എന്നിവർ നേതൃത്വം നൽകി.

## ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. റീജിയൻ സംയുക്ത ആരാധന സമാപിച്ചു

**അബുദാബി •** ചർച്ച് ഓഫ് ഗോഡ് യു.എ.ഇ റീജിയൻ സംയുക്ത ആരാധന ഡിസംബർ 2-ന് ഞായറാഴ്ച രാവിലെ 10 മണി മുതൽ 1.30 വരെ അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ച് ഹാളിൽ നടന്നു.

ചർച്ച് ഓഫ് ഗോഡ് യു.എ.ഇ റീജിയൻ നാഷണൽ സെക്രട്ടറി പാസ്റ്റർ ജോസ് മല്ലശേരി അധ്യക്ഷത വഹിച്ചു. നാഷണൽ ഓവർസിയർ റവ. ഡോ.കെ.ഒ. മാത്യു തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പ്രസ്തുത സമ്മേളനത്തിൽ പാസ്റ്റർ ജോൺസൺ, പാസ്റ്റർ എം.കെ. തോമസ് (ഒമാൻ), പാസ്റ്റർ കുര്യൻ മാമ്മൻ (ദുബായ്), പാസ്റ്റർ രാജേഷ് ഏലപ്പാറ എന്നിവർ പ്രസംഗിച്ചു. ചർച്ച് ഓഫ് ഗോഡ് അബുദാബി റീജിയൻ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു.

## ഗില്ഗാൽ ബിബ്ലിക്കൽ സെമിനാരി ബിരുദദാന സമ്മേളനം

**ഷാർജ •** ഗില്ഗാൽ ബിബ്ലിക്കൽ സെമിനാരി പത്താമത് ബിരുദദാനസമ്മേളനം ഡിസംബർ 1-ന് ഷാർജ വർഷിപ് സെന്ററിൽ നടന്നു. സമ്മേളനത്തിൽ അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ച് ചാപ്ലിൻ റവ. ആൻഡ്രൂ തോംസൺ മുഖ്യാതിഥി ആയിരിന്നു. സെമിനാരി ഡയറക്ടർ റവ.ഡോ.കെ.ഒ. മാത്യു അധ്യക്ഷത വഹിച്ചു. "പവർ ഓഫ് പെന്തക്കോസ്ത്" എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. എടിഎ-യുടെ അംഗീകാരമുള്ള മിഡിൽ ഈസ്റ്റിലെ ഏക കോളജാണ് ഗില്ഗാൽ ബിബ്ലിക്കൽ സെമിനാരി. 28 വിദ്യാർഥികൾ ഈ വർഷം ബിരുദധാരികളായി.

## ഓർഡിനേഷൻ



ബെഥേൽ ചർച്ച് ഓഫ് ഗോഡ് അബുദാബി സഹശുശ്രൂഷകനായിരുന്ന ഇവാ. അജു ടി. തോമസിനെ പാസ്റ്ററർ ഓർഡിനേഷൻ നൽകി പ്രാർത്ഥിക്കുന്നു. ഓർഡിനേഷൻ ലഭിച്ച പാസ്റ്റർ അജു ടി. തോമസിന് അപ്കോൺ വോയ്സിന്റെ ആശംസകൾ.


055 52 52 251 | 056 25 25 221
NAJM TOURS
UAE VISA
BEST RATE
OFFER
30 DAYS 320 AED
90 DAYS 750 AED
GLOBAL
VISA
ASSISTANCE
065 21 21 20 | 055 42 84 787
info@najmtours.com
STARTING FROM
150 AED
ginu@najmtours.com | ginuektr@gmail.com
www.najmtours.com
P.O Box:96727 Near Mubarak center Sharjah | UAE
UAE's Innovative Tourism Service Provider

അപ്കോൺ വോയ്സ്
അബുദാബി പെന്റെക്കോസ്റ്റൽ ചർച്ചസ് കോൺഗ്രിഗേഷന്റെ ഔദ്യോഗിക വാർത്താ പത്രിക
വാല്യം 2 ലക്കം 2
ഡിസംബർ 2018
അതിവേഗം 25,000 വായനക്കാരിലേക്ക്



## അപ്കോൺ കൺവെൻഷൻ 2019 ജനുവരി 29,30 ദിവസങ്ങളിൽ



**അബുദാബി •** അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (APCCON) കൺവൻഷൻ 2019 ജനുവരി 29 ചൊവ്വ, 30 ബുധൻ ദിവസങ്ങളിൽ അബുദാബിയിൽ നടക്കും. പാസ്റ്റർ ഷിബു തോമസ് (സീനിയർ പാസ്റ്റർ, ഐ.പി.സി ഹെബ്രോൻ, ഒക്കലഹോമ) ദൈവവചനത്തിൽ നിന്നും ശുശ്രൂഷിക്കും. കൺവൻഷന്റെ ഒരുക്കങ്ങൾ പുരോഗമിച്ചു വരുന്നതായി അപ്കോൺ സെക്രട്ടറി സാം സക്കറിയ ഈപ്പൻ അറിയിച്ചു.

## ബറാഖാ മിനിസ്ട്രീസ് കൺവൻഷൻ അനുഗ്രഹനിറവോടെ സമാപിച്ചു







**അബുദാബി •** ബറാഖാ ക്രിസ്ത്യൻ ഇന്റർനാഷണൽ മിനിസ്ട്രീസ് ഒരു വർഷം തികയുന്നതിനോടനുബന്ധിച്ച് സംഘടിപ്പിച്ച ഏകദിന കൺവൻഷൻ അനുഗ്രഹമായി സമാപിച്ചു. നവം.17-ന് രാവിലെ 10 മണി മുതൽ വൈകിട്ട് 8 വരെ പത്തു മണിക്കൂർ മുസഫ ബ്രദറൺ സെന്ററിൽ നടന്ന സംഗീത ആരാധനയിലും വചനഘോഷണത്തിലും നൂറുകണക്കിനാളുകൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. പാസ്റ്റർ റെജി ശാസ്താംകോട്ട വചനശുശ്രൂഷ നിർവഹിച്ചു. ഇവാ. ലോർഡ്സൺ ആന്റണിയും ബറാഖാ ക്വയറും സംഗീത ശുശ്രൂഷയ്ക്കു നേതൃത്വം നൽകി. ബറാഖാ ക്രിസ്ത്യൻ ഇന്റർനാഷണൽ മിനിസ്ട്രീസ് സ്ഥാപക പ്രസിഡന്റായ പാസ്റ്റർ സാബു ചെറിയാൻ നേതൃത്വം നൽകി.

## ബൈബിൾ ക്ലാസ്സും ആരാധനയും സമാപിച്ചു

**അബുദാബി •** ബെഥേൽ അസംബ്ലീസ് ഓഫ് ഗോഡ് അബുദാബിയുടെ നേതൃത്വത്തിൽ നവംബർ 28 മുതൽ 30 വരെ മൂന്ന് ദിവസത്തെ ബൈബിൾ ക്ലാസും ആരാധനയും അബുദാബി ഇവാൻജെലിക്കൽ ചർച്ച് സെന്ററിൽ നടന്നു. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് മുൻസെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് 'വെളിപ്പാട് പുസ്തകത്തിലെ മണവാട്ടി സഭ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ നയിച്ചു.


## ഐ.പി.സി. യു.എ.ഇ. റീജിയൻ സംയുക്ത ആരാധന അനുഗ്രഹമായി നടന്നു

**ഷാർജ •** ഐ.പി.സി. യു.എ.ഇ റീജിയൻ സംയുക്ത ആരാധന ഡിസംബർ 2-ന് ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. യു.എ.ഇ യിലെ 38 സഭകളിൽ നിന്നായി ആയിരത്തി ഇരുന്നൂറോളം വിശ്വാസികൾ പങ്കെടുത്തു.

ഐ.പി.സി ജനറൽ വൈസ് പ്രസിഡന്റ് റവ.ഡോ. വിൽസൺ ജോസഫ് അധ്യക്ഷത വഹിച്ചു. ഐ.പി.സി. യു.എ.ഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗർസിം പി. ജോൺ തിരുവത്താഴ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർ മോനീസ് ജോർജ്ജ് (യുഎസ്എ), പാസ്റ്റർ മോൻസി എം. ജോൺ (ഐപിസി ഷാർജ), റീജിയൻ വൈസ് പ്രസിഡന്റ് പാസ്റ്റർ രാജൻ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ഐ.പി.സി വർഷിപ്പ് സെന്റർ ക്വയർ സംഗീതശുശ്രൂഷക്ക് നേതൃത്വം വഹിച്ചു.



പിവൈപിഎ യുഎഇ റീജിയൻ പ്രസിദ്ധീകരണം 'ഉൾക്കാഴ്ച്' പാസ്റ്റർ ഗെർസീം പി. ജോൺ പിവൈപിഎ കേരള സ്റ്റേറ്റ് പ്രസിഡന്റ് ഇവാ. അജു അലക്സിന് നൽകി പ്രകാശനം ചെയ്തു.



2019 ലെ കലണ്ടർ ഐപിസി ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ് ഐ.പി.സി.യു.എ.ഇ. റീജിയൻ പി.വൈ.പി.എ. പ്രസിഡന്റ് പാസ്റ്റർ പി. എം. സാമുവേലിന് നൽകി പ്രകാശനം ചെയ്തു.

## കുമ്പനാട് കൺവെൻഷൻ ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**കുമ്പനാട് •** ഭാരതത്തിലെ പെന്തെക്കോസ്ത് ആത്മീയസംഗമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കുമ്പനാട് കൺവൻഷന് ഒരുക്കങ്ങൾ ആരംഭിച്ചു. ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ 95-ാമത് ജനറൽ കൺവൻഷൻ 2019 ജനുവരി 13 - 20 വരെ കുമ്പനാട് ഹെബ്രോൻപുരത്ത് നടക്കും. ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ അധ്യക്ഷനായുള്ള മീറ്റിംഗിൽ ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉത്ഘാടനം നിർവഹിക്കും. 'വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണും' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം.

## ദോഹ ഐ.പി.സി. അമ്പതാം വാർഷിക സമാപനസമ്മേളനം

**ദോഹ •** ഖത്തറിലെ ആദ്യ മലയാളി പെന്തെക്കോസ്തു സഭയായ ദോഹ ഐ.പി.സി.യുടെ അമ്പതാം വാർഷിക സമാപനസമ്മേളനം ഡിസംബർ 8-ന് വൈകിട്ട് 6 മുതൽ 9.30 വരെ ദോഹ ഐ.പി.സി. കോംപ്ലെക്സ് ടെന്റിൽ നടന്നു. സഭാശുശ്രൂഷകൻ പാസ്റ്റർ ജോൺ ടി. മാത്യു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ മുഖ്യാതിഥിയായി പങ്കെടുത്ത് സന്ദേശം നൽകി. താങ്ക്സ് ഗിവിംഗ് ശുശ്രൂഷയിൽ സിസ്റ്റർ പെർസിസ് ജോണും ദോഹ ഐ.പി.സി ക്വയറും ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. സഭയുടെ മുൻകാല ശുശ്രൂഷകരായിരുന്ന പാസ്റ്റേഴ്സ് കെ.എസ് ഫിലിപ്പ്, എം.ജെ. ഡൊമിനിക്ക് എന്നിവരെക്കൂടാതെ സഭയുടെ പ്രാരംഭകാല പ്രവർത്തനത്തിൽ മുൻനിരയിൽ നിന്നവരും ഈ സമ്മേളനത്തിൽ പങ്കെടുത്തു.




Strictly for Private Circulation Only



Printed & Published by Apccon Voice Chief Editor Johnsy Kadammanitta 055 8223774,
Owned by Apccon : Pr. Benny P. John 050 7900633 (President), Pr. Jacob Samuel 050 3332358 (Vice President),
Sam Zachariah Eapen 050 5211628 (Secretary). Email : apcconvoice@gmail.com, www.apccon.com